"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ നഗരസഭയിൽ ഗ്രേഡ് I ഓവർസിയർ തസ്തികയിൽ സേവനത്തിലിരിക്കെ മരണപ്പെട്ട ഹരികുമാർ.പി. എന്നവരുടെ പലിശ രഹിത ചികിത്സാ വായ്പ ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.213/2025/LSGD തീയതി,തിരുവനന്തപുരം, 21-01-2025

---

പരാമർശം:-

1. 20.05.2017 ലെ സ.ഉ(സാധ)നം.1661/2017/തസ്വഭവ
2. 17.07.2017 ലെ സ.ഉ.(അ)നം.91/2017/ധന
3. ചീഫ് എഞ്ചിനീയറുടെ 19.05.22 ലെ ഇ14/13310/16/CE /എൽഐ ഡി &ഇഡബ്ല്യു നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശസ്വയംഭരണ വകുപ്പ് (എഞ്ചിനീയറിംഗ് വിഭാഗം) ആലപ്പുഴ നഗരസഭയിൽ ഒന്നാംതരം ഓവർസിയർ ആയി സേവനത്തിലിരിക്കെ മരണപ്പെട്ട ഹരികുമാർ.പി. യ്ക്ക് കൊച്ചി ആസ്റ്റർ മെഡിസിറ്റിയിൽ കരൾ മാറ്റ ശസ്ത്രക്രിയ നടത്തുന്നതിന് 18,00,000/- (പതിനെട്ട് ലക്ഷം) രൂപ പരാമർശം 1 പ്രകാരം പലിശ രഹിത ചികിൽസാ വായ്പ അനുവദിച്ചിരുന്നു. പ്രസ്തുത അഡ്വാൻസ് സെറ്റിൽ ചെയ്യുന്നതിന് കൊച്ചി ആസ്റ്റർ മെഡിസിറ്റിയിൽ 25.05.2017-10.06.2017 കാലയളവിൽ ചെലവായ 22,00,004/-രൂപയുടെ (ഇരുപത്തിരണ്ട് ലക്ഷത്തി നാല് രൂപ മാത്രം) ബില്ലുകൾ സമർപ്പിച്ചിരുന്നു. ആയതിൽ 10,62,246/- (പത്ത് ലക്ഷത്തി അറുപത്തിരണ്ടായിരത്തി ഇരുന്നൂറ്റി നാൽപ്പത്തിയാറ് രൂപ മാത്രം) അനുവദനീയമാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

പലിശ രഹിത ചികിത്സാ വായ്പ ക്രമീകരിച്ച് നൽകുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. അപേക്ഷകൻ മരണപ്പെട്ട സാഹചര്യത്തിൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച 10,62,246/- രൂപയുടെ 80% ആയ 8,49,797/- രൂപ, പരാമർശം 1 പ്രകാരം അനുവദിച്ച 18,00,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പയിൽ ക്രമീകരിക്കാവുന്നതും, അപ്രകാരം ക്രമീകരിക്കുമ്പോൾ ബാക്കിയാകുന്ന വായ്പാ തുകയായ 9,50,203/- രൂപയിൽ (18,00,000-8,49,797] നിന്നും വായ്പ അനുവദിക്കുന്നതിനു മുൻപുള്ള 20.10.2016-10.12.2016 കാലയളവിലെ ചികിത്സയ്ക്ക് ചെലവായ തുകയിൽ അനുവദനീയമായ തുക 4,18,739/- രൂപ (80 % of Rs. 5,23,424/-) കൂടി കിഴിക്കുമ്പോൾ അവശേഷിക്കുന്ന സർക്കാർ ബാധ്യത 5,31,464/- രൂപ (9,50,203 - 4,18,739) ആണ്. സർവ്വീസിലിരിയ്ക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ പലിശ രഹിത ചികിത്സാ വായ്പ ഉൾപ്പെടെ 5 ലക്ഷം രൂപ വരെയുള്ള സംസ്ഥാന സർക്കാർ ബാധ്യത എഴുതിത്തള്ളുന്നതാണെന്ന് പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാലും, പരേതനായ ഹരികുമാർ. പി. യ്ക്ക് പലിശ രഹിത ചികിത്സാവായ്പ അല്ലാതെ മറ്റ് തിട്ടപ്പെടുത്തിയ ബാധ്യതകളൊന്നും ഇല്ലായെന്ന് സാക്ഷ്യപത്രം ലഭ്യമാക്കിയിരിക്കുന്ന സാഹചര്യത്തിലും, വായ്പ തുക പൂർണമായും ചികിത്സയ്ക്കായാണ്

ഉപയോഗിച്ചതെന്ന് നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം ഹാജരാക്കിയിട്ടുള്ളതിനാലും, പലിശ രഹിത ചികിത്സാ വായ്പയിൽ ബാക്കിയുള്ള 5,31,464/- രൂപയിൽ [18,00,000 - (8,49,797+4,18,739) = 5,31,464] നിന്നും 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) "7610-00-800-95(02)-IFMA TO NON GAZETTED OFFICERS-NP-V" എന്ന ശീർഷകത്തിൽ ഈടാക്കേണ്ടിയിരുന്നത്,പരാമർശം 2 ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ എഴുതിത്തള്ളുന്നതിനും പ്രസ്തുത ചെലവ് "2075-795-93-INTEREST FREE MEDICAL TREATMENT - WRITE OFF-NP-V" ശീർഷകത്തിൽ (2024-2025 സാമ്പത്തിക വർഷം) നിന്ന് വഹിയ്ക്കുന്നതിന് അനുമതി നൽകികൊണ്ടും, അപ്രകാരം എഴുതിത്തള്ളുമ്പോഴും ശേഷിക്കുന്ന വായ്പാ തുകയായ 31,464/- രൂപ (മുപ്പത്തി ഒന്നായിരത്തി നാന്നൂറ്റി അറുപത്തി നാല് രൂപ മാത്രം) (5,31,464-5,00,000=31,464) പരേതന്റെ ഡി.സി.ആർ.ജി. - യിൽ നിന്നും ഈടാക്കുന്നതിനും, വായ്പ ക്രമീകരണ അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മൂലമുണ്ടായ പിഴ പലിശ ഒഴിവാക്കി നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (UO(F)No.Loans-L3/2/2023-FIN dated 29.12.24)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (LSGD-EW3/50/2017-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Keerthi J P
സെക്ഷൻ ഓഫീസർ
Date: 21-01-2025 11:39:08